**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3891** | **03-03-2023 - ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന ദുരൂഹമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദുരൂഹസാഹചര്യങ്ങളിൽ മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ മാധ്യമ റിപ്പോർട്ടുകളിൻമേൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ദുരൂഹ സാഹചര്യങ്ങളിൽ മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള മരണങ്ങളിൽ മരണകാരണം പെട്ടെന്ന് നിഗമനത്തിലെത്താവുന്നതോ വ്യക്തമോ അല്ലാത്ത കേസുകളെ പ്രത്യേകമായി വിലയിരുത്തുകയും അത്തരം കേസുകൾ താമസംവിനാ ഊർജ്ജിത അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറുകയുമാണ് ചെയ്യുന്നത്.സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മരണങ്ങളിൽ ദുരൂഹതയുണ്ടെന്ന് കണ്ടെത്തുകയോ ആരോപണം ഉയരുകയോ ചെയ്ത 31 കേസുകൾ 25.05.2016 മുതൽ 19.05.2021 വരെയുള്ള മുൻ സർക്കാരിന്റെ കാലയളവിലും 6 കേസുകൾ 20.05.2021 മുതൽ 20.02.2023 വരെയുള്ള ഈ സർക്കാരിന്റെ കാലയളവിലും സംസ്ഥാന ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും നാളിതുവരെ എത്ര ദുരൂഹമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ദുരൂഹ സാഹചര്യങ്ങളിൽ മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള മരണങ്ങളിൽ മരണകാരണം പെട്ടെന്ന് നിഗമനത്തിലെത്താവുന്നതോ വ്യക്തമോ അല്ലാത്ത കേസുകളെ പ്രത്യേകമായി വിലയിരുത്തുകയും അത്തരം കേസുകൾ താമസംവിനാ ഊർജ്ജിത അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറുകയുമാണ് ചെയ്യുന്നത്.സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മരണങ്ങളിൽ ദുരൂഹതയുണ്ടെന്ന് കണ്ടെത്തുകയോ ആരോപണം ഉയരുകയോ ചെയ്ത 31 കേസുകൾ 25.05.2016 മുതൽ 19.05.2021 വരെയുള്ള മുൻ സർക്കാരിന്റെ കാലയളവിലും 6 കേസുകൾ 20.05.2021 മുതൽ 20.02.2023 വരെയുള്ള ഈ സർക്കാരിന്റെ കാലയളവിലും |

| | | | |
|---|---|---|---|
| | | | സംസ്ഥാന ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മരണങ്ങൾ സംബന്ധിച്ച അന്വേഷണം മറ്റേതെങ്കിലും അന്വേഷണ ഏജൻസികൾക്ക് റഫർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | പ്രസ്തുത മരണങ്ങൾ സംബന്ധിച്ച കേസുകളുടെ അന്വേഷണം സംസ്ഥാന ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | ഇവയിൽ എത്ര കേസുകളുടെ അന്വേഷണം നാളിതുവരെ പൂർത്തിയായെന്നറിയിക്കാമോ? | (ഡി) | ഇവയിൽ 11 കേസുകളുടെ അന്വേഷണം നാളിതുവരെ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ